**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 113** **14-03-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. ടി. ജെ. വിനോദ് | | null<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി അദാനി ഗ്രൂപ്പുമായുണ്ടാക്കിയ കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി സർക്കാർ-സ്വകാര്യ പങ്കാളിത്തതോടെ (PPP) നടപ്പാക്കുന്നതിനായി 2015 ആഗസ്റ്റ് 17 ന് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി സർക്കാർ കൺസഷൻ കരാറിലേർപ്പെട്ടു. കരാർ പ്രകാരം പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് കൺസഷണയർ പാലിക്കേണ്ട പ്രധാന വ്യവസ്ഥകൾ ഇപ്രകാരമാണ്. ആദ്യഘട്ട നിർമ്മാണ കാലയളവായ നാലുവർഷം (1460 ദിനങ്ങൾ) ഉൾപ്പെടെ 40 വർഷമാണ് കരാർ കാലയളവ്. കരാറിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം വിവിധ ഘട്ടങ്ങളുടെ ഇൻഫ്രാസ്ട്രക്ച്ചർ സൗകര്യങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി തുറമുഖ പ്രവർത്തനവും പരിപാലനവും കമ്പനി നടത്തി, കരാർ കാലയളവിനുശേഷം തുറമുഖം സർക്കാരിന് കൈമാറേണ്ടതാണ്. പദ്ധതി നിർമ്മാണം വൈകുക യാണെങ്കിൽ, പൂർത്തീകരണത്തിനായി 90 ദിവസത്തെ ഗ്രേസ് പിരിയഡും, 180 ദിവസം പിഴയോട്ടു കൂടിയും അധിക സമയം നൽകാനും വ്യവസ്ഥയുണ്ട്. |
| (ബി) | 2024-ൽ മാത്രമേ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ എന്ന് അദാനി ഗ്രൂപ്പ് അറിയിച്ചിട്ടുണ്ടോ; എങ്കിൽ കരാർ പ്രകാരമുള്ള പിഴ ഈടാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | പദ്ധതി വൈകിയ സാഹചര്യത്തിൽ കരാർ കമ്പനി സമർപ്പിച്ച റിവൈസ്ഡ് ഷെഡ്യൂൾ പ്രകാരം പദ്ധതി 2024 ഡിസംബറിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് കരാർ കമ്പനി റിപ്പോർട്ട് ചെയ്തിരുന്നെങ്കിലും ടി ഷെഡ്യൂൾ സർക്കാർ അംഗീകരിച്ചിട്ടില്ല. നിർദ്ദിഷ്ട കാലയളവിൽ പദ്ധതി പൂർത്തികരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കരാർ പ്രകാരം പിഴ ഈടാക്കുന്നതിന് കരാർ കമ്പനിക്ക് നോട്ടീസ് നൽകിയിരുന്നു. എന്നാൽ കരാർ കമ്പനി ഇക്കാര്യത്തിൽ ആർബിട്രേഷൻ നടപടികളുമായി മുന്നോട്ടു പോകുകയാണുണ്ടായത്. |

| | | | |
|---|---|---|---|
| | | | സർക്കാർ ആർബിട്രേഷന് ആവശ്യമായ തുടർ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | നിലവിലെ സാഹചര്യത്തിൽ പദ്ധതി ഏത് വർഷം പൂർത്തീകരിക്കുമെന്നാണ് കണക്കാക്കുന്നത്; | (സി) | 2023-ൽ തന്നെ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ ഷെഡ്യൂൾ തയ്യാറാക്കി നടപ്പാക്കുവാൻ കരാർ കമ്പനിയോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | പദ്ധതിയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | പദ്ധതിയുടെ പ്രധാന ഘടകമായ പുലിമുട്ട് നിർമ്മാണത്തിൽ വന്ന കാലതാമസമാണ് പൂർത്തീകരണ തീയതിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കുവാൻ സാധിക്കാതെവന്നത്. പദ്ധതി വേഗത്തിൽ പൂർത്തീകരി ക്കാൻ, 'dedicated' ക്വാറികൾ സ്ഥാപിച്ച് പാറ കണ്ടെത്തുന്നതിനായുള്ള ശ്രമങ്ങൾ കരാർ കമ്പനി ആരംഭിക്കുകയുണ്ടായി. ക്വാറികൾ സ്ഥാപിക്കുന്നതിനായി കരാർ കമ്പനി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള വിവിധ വകുപ്പ് / ഏജൻസികളെ ഏകോപിപ്പിച്ചും ത്വരിതപ്പെടുത്തിക്കൊണ്ടും അനുമതികൾ ലഭ്യമാക്കുന്നതിനായി സർക്കാർ വിവിധ തലത്തിൽ യോഗങ്ങൾ നടത്തിയും പുലിമുട്ട് നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തിയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. |
| (ഇ) | വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട റെയിൽ പാതയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രസ്തുത റെയിൽ പാതയുടെ നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും എന്നത്തേക്ക് പൂർത്തിയാകുമെന്നും വിശദമാക്കാമോ? | (ഇ) | നിർദ്ദിഷ്ട തുറമുഖവും ദക്ഷിണ റെയിൽവേ ശൃംഖലയിലെ ഏറ്റവും അടുത്ത സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ഒരു റെയിൽവേ ലൈൻ സർക്കാർ സ്ഥാപിക്കണമെന്ന് കൺസഷൻ കരാറിൽ വ്യവസ്ഥയുണ്ട്. തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന 10.7 km റെയിൽവേ ലൈനിന്റെ DPR റെയിൽവേ പൊതുമേഖല സ്ഥാപനമായ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് (KRCL) മുഖേന തയ്യാറാക്കി, ദക്ഷിണ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും തുടർന്ന്, ചില വ്യവസ്ഥകൾക്ക് വിധേയമായി ദക്ഷിണ റെയിൽവേ DPR-ന് അംഗീകാരം നൽകിയിട്ടുമുണ്ട്. DPR-പ്രകാരം ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ